# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമാരപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.10/353/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.10/353/2022 തീയ്യതി: 27/03/2022

## ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 25-02-2022 | 09-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-02-2022 | 09-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീദേവി.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ടീനു ടോം, ഓഡിറ്റർ (മനുഷ്യദിനം കണക്കാക്കിയിട്ടില്ല.)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.സുരേഷ് കുമാർ.എസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.രഘുലാൽ.വി | സെക്രട്ടറി | 01-04-2019 | 02-12-2019 |
| ശ്രീമതി.ശുഭാദേവി.എസ് | സെക്രട്ടറി | 03-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ഷൈജു.സി.എസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ബെറ്റി വർഗീസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഗിരിജ.എൻ.മാധവ് | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീമതി.സവിത.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.സിജി | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി.സബിത.എം.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 28-10-2019 |
| വേക്കന്റ് | അസിസ്റ്റന്റ് സെക്രട്ടറി | 29-10-2019 | 31-10-2019 |
| ശ്രീമതി.സിന്ധു ഈശ്വരൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2019 | 31-03-2020 |
| ഡോ.ശ്രീനി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ.അഭിലാഷ്.പി.ആർ | വി.ഇ.ഒ-കുമാരപുരം | 01-04-2019 | 31-03-2020 |
| ശ്രീ.വിനോദ് കുമാർ | വി.ഇ.ഒ-താമല്ലാക്കൽ | 01-04-2019 | 01-12-2019 |
| ശ്രീ.അബ്ദുൾ അഫാർ | വി.ഇ.ഒ-താമല്ലാക്കൽ | 02-12-2019 | 31-03-2020 |
| ശ്രീമതി.വിജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.അരുണ രാജ് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2019 | 04-04-2019 |
| ഡോ.അനു.ജെ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 05-04-2019 | 31-01-2020 |
| ഡോ.ജയ.ജെ.ബി | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-02-2020 | 31-03-2020 |
| ശ്രീമതി.ലൂസി.എ.ഐ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pushparaj V.K (Asst. Audit Officer, On 08-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 08-03-2022) | 1-1 |
| 2 | ബജറ്റിലെ ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 09-03-2022)<br>Last Updated By: P. Sreedevi (Audit Officer, On 24-03-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 08-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 08-03-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 25-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 25-03-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Pushparaj V.K (Asst. Audit Officer, On 08-03-2022)<br>Last Updated By: Rajeev R (Deputy Director, On 27-03-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 08-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 08-03-2022) | 1-4 |
| 7 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 08-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 08-03-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 08-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 08-03-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Pushparaj V.K (Asst. Audit Officer, On 08-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 08-03-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Sreedevi.R (Senior Grade Auditor, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 10-03-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: Sreedevi.R (Senior Grade Auditor, On 09-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 09-03-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം.<br>Written By: P. Sreedevi (Audit Officer, On 10-03-2022)<br>Last Updated By: P. Sreedevi (Audit Officer, On 10-03-2022) | 1-9 |
| 13 | വസ്തുനികുതി - അപാകതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 10-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 10-03-2022) | 1-10 |
| 14 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെ ന്യൂനത<br>Written By: Sreedevi.R (Senior Grade Auditor, On 10-03-2022)<br>Last Updated By: P. Sreedevi (Audit Officer, On 24-03-2022) | 1-11 |
| 15 | അർദ്ധവാർഷിക വരുമാനത്തിനനുസരിച്ച് തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 10-03-2022)<br>Last Updated By: P. Sreedevi (Audit Officer, On 24-03-2022) | 1-12 |
| 16 | ഫയൽ ഹാജരാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 11-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-13 |
| 17 | സോഷ്യ് ഡിഡക്ഷനിലൂടെ ഈടാക്കിയ തുകകൾക്കനുസൃതമായി ജി.ഒ പ്രോജക്ട് തയ്യാറാക്കിയില്ല. | 1-14 |

| | | |
|---|---|---|
| | Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | |
| 18 | അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-15 |
| 19 | കിഴങ്ങ് വർഗ കൃഷി കിറ്റ് വിതരണം- ഗുണഭോക്താക്കൾ കൈപ്പറ്റിയതിനു രേഖകളില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-16 |
| 20 | ഹെഡ് മിസ്ട്രസ്സ് രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-17 |
| 21 | പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നിർവഹിച്ചു<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-18 |
| 22 | കുട്ടികൾക്ക് പ്രഭാത ഭക്ഷണം-രേഖകൾ ലഭ്യമല്ല<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-19 |
| 23 | ഹെഡ്മിസ്ട്രസ്സ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികൾ -രേഖകൾ അപൂർണം.<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-20 |
| 24 | ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi.R (Senior Grade Auditor, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-21 |
| 25 | കുടിവെള്ളവിതരണം- രേഖകൾ പൂർണ്ണമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sreedevi.R (Senior Grade Auditor, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-22 |
| 26 | കുടുംബശ്രീ നാട്ടുചന്ത - പദ്ധതി നടപ്പിലാക്കിയില്ല.<br>Written By: P. Sreedevi (Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-23 |
| 27 | വെള്ളക്കരമിനത്തിൽ അധികം നൽകിയ തുകയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: P. Sreedevi (Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-24 |
| 28 | സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ-രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-25 |
| 29 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങലും പുതിയത് സ്ഥാപിക്കലും. (പ്രോജക്ട് നം. S0114/20)-രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-26 |
| 30 | ഗതാഗത തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ.(പ്രോജക്ട് നം. S0121/20)-തുക തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-27 |
| 31 | വിശപ്പുരഹിതകുമാരപുരം(സ്നേഹസാക്ഷ്യം) പ്രോജക്ട് നം. S0042/20)-പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.<br>Written By: P. Sreedevi (Audit Officer, On 10-03-2022)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-28 |

| | | |
|---|---|---|
| 32 | ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾ<br>Written By: Sreedevi.R (Senior Grade Auditor, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-29 |
| 33 | പി.എച്ച്.സി.കെട്ടിടത്തിന്റെ ഒന്നാം നില വയറിംഗ്- രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.<br>Written By: P. Sreedevi (Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-30 |
| 34 | യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-31 |
| 35 | പി.എച്ച്.സി നവീകരണം- കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-32 |
| 36 | ചട്ടങ്ങൾ പാലിക്കാതെ തനത് ഫണ്ടിൽ നിന്ന് ചെലവുകൾ നടത്തി<br>Written By: Sreedevi.R (Senior Grade Auditor, On 11-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-33 |
| 37 | ഓഡിറ്റ് ഇംപാക്ട്- കോൺട്രാക്ടർക്ക് അനുവദിച്ച അധിക തുക തിരികെ ഒടുക്കി.<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-03-2022) | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കിഴങ്ങ് വർഗ കൃഷി കിറ്റ് വിതരണം- ഗുണഭോക്താക്കൾ കൈപ്പറ്റിയതിനു രേഖകളില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 10-03-2022) | 3-1 |
| 2 | ഹെഡ് മിസ്ട്രസ്സ് രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 10-03-2022) | 3-2 |
| 3 | പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നിർവഹിച്ചു<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 10-03-2022) | 3-3 |
| 4 | വെള്ളക്കരമിനത്തിൽ അധികം നൽകിയ തുകയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 10-03-2022) | 3-4 |
| 5 | പി.എച്ച്.സി നവീകരണം- കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2022)<br>Last Updated By: Rajeev R (Deputy Director, On 27-03-2022) | 3-5 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 09-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 09-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 09-03-2022) | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pushparaj V.K (Asst. Audit Officer, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 09-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Pushparaj V.K (Asst. Audit Officer, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 09-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Pushparaj V.K (Asst. Audit Officer, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 09-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pushparaj V.K (Asst. Audit Officer, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 09-03-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pushparaj V.K (Asst. Audit Officer, On 09-03-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 09-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 09-03-2022)<br>Last Updated By: Rajeev R (Deputy Director, On 27-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Pushparaj V.K (Asst. Audit Officer, On 09-03-2022)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കുമാരപുരം ഗ്രാമ പഞ്ചായത്തിന്റെ 26.02.2019തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 30.03.2020-ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 228589665 | 227896515 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 142150035 | 146200247 |

### 1-1-1 ബജറ്റിലെ ന്യൂനതകൾ

കുമാരപുരം ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.
1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല.
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.
3.ബജറ്റിൽ തുക വകയിരുത്താതെ/വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് നടത്തി ചെലവ്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(6), ബജറ്റ് മാന്വലിലെ ഖണ്ഡിക 4.1 എന്നിവ അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ കുമാരപുരം ഗ്രാമ പഞ്ചായത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും/മതിയായ തുക ഉൾപ്പെടുത്താത്തതുമായ ഇനങ്ങൾക്ക് തുക ചെലവഴിച്ചതായി കണ്ടു.

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1. | 2201002 | Rates | 0 | 2640 | തുക വകയിരുത്തിയിട്ടില്ല |
| 2 | 2301101 | Water Charges For Drinking Water Schemes | | 129688 | തുക വകയിരുത്തിയിട്ടില്ല |
| 3 | 2407001 | Bank Charges | 5000 | 26472 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2501039 | Animal Husbandry-Infrastructure | 0 | 50000 | തുക വകയിരുത്തിയിട്ടില്ല |
| 5 | 2503007 | Electronic And Electrical Industry | | 52500 | തുക വകയിരുത്തിയിട്ടില്ല |
| 6 | 2503018 | Revolving Fund For Kudumbasree Employment Programs | | 325000 | തുക വകയിരുത്തിയിട്ടില്ല |
| 7 | 2511002 | Primary Education | | 488927 | തുക വകയിരുത്തിയിട്ടില്ല |
| 8 | 2511006 | SSA & Other Educatiional Programms | | 600000 | തുക വകയിരുത്തിയിട്ടില്ല |
| 9 | 2511007 | Sports | | 50000 | തുക വകയിരുത്തിയിട്ടില്ല |
| 10 | 2511013 | Educational Related Activities | 100000 | 150000 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

| | | | | | |
|---|---|---|---|---|---|
| 11 | 2511016 | Reading Rooms Libraries Periodicals | 50000 | 58216 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 12 | 2512001 | PHC,CHC &Other Hospitals/Dispensaries | | 121992 | തുക വകയിരുത്തിയിട്ടില്ല |
| 13 | 2513001 | Housing | 17312553 | 38077500 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 14 | 2513006 | Programs For Physically/Mentally Challenged | 580000 | 641282 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 15 | 2514001 | Development Programs For Women And Children | | 101746 | തുക വകയിരുത്തിയിട്ടില്ല |
| 16 | 2514201 | Anganwadi Infrastructure | | 100000 | തുക വകയിരുത്തിയിട്ടില്ല |
| 17 | 2514202 | Anganwadi Related Services | 142500 | 533636 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 18 | 2521001 | Energy Electrification Of Street Lights | 350000 | 370045 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 19 | 2522004 | Culvert And Causeways | | 450956 | തുക വകയിരുത്തിയിട്ടില്ല |
| 20 | 2522012 | Other Programs In Infrastructure Sector | | 191706 | തുക വകയിരുത്തിയിട്ടില്ല |
| 21 | 2531001 | Drinking Water Related Projects | | 80000 | തുക വകയിരുത്തിയിട്ടില്ല |
| 22 | 2531004 | Supplementary Nutritional Programs Through Anganawadies | | 286690 | തുക വകയിരുത്തിയിട്ടില്ല |
| 23 | 2531005 | Solid Waste Management Programs Under Total Sanitation Campaign | | 262500 | തുക വകയിരുത്തിയിട്ടില്ല |
| 24 | 2531006 | Asraya Projects For Rehabilitation Of Destitute | 543000 | 943000 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 25 | 2531014 | Payments To Drinking Water | | 1570000 | തുക വകയിരുത്തിയിട്ടില്ല |
| 26 | 2552006 | Maintenance Projects Non Road Assets Transferred Institutions-Allopathy (Hospitals/Dispensaries) | | 426398 | തുക വകയിരുത്തിയിട്ടില്ല |
| 27 | 2602001 | Grants Contributions And Compensations From Own Fund -Contributions | | 28000 | തുക വകയിരുത്തിയിട്ടില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/01.01.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 01.06.2020 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

1.District Co-operative Bank, Haripad(450230101) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Deposited But Not Collected എന്നതിനു കീഴെ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന ചെക്കുകൾ കാലാവധി(3 മാസം) കഴിഞ്ഞതാണെന്ന് കാണുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 8966362/28.02.2017 | 8250 |
| 8963735/24.09.2019 | 750 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2.Kumarapuram SCB 1449, Kumarapuram Branch(450430101)എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്നതിനു കീഴെ താഴെപ്പറയും പ്രകാരമുള്ള തുക രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 08.08.2019 | 1900 |

മേൽ അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ന്നതിനു കീഴെ താഴെപ്പറയും പ്രകാരമുള്ള തുക രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 27.11.2019 | 1200 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ രണ്ട് പട്ടികകളിൽ ഉൾപ്പെട്ട തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

3. ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം പ്രൊഫഷൻ ടാക്സ് എംപ്ലോയീസ് ഇനത്തിലുള്ള ഡിമാന്റ് തുക 918800/-രൂപയെന്നു കാണുന്നു. എന്നാൽ പ്രൊഫഷൻ ടാക്സ് രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ്, കളക്ഷൻ എന്നിവ 889300/-രൂപയാണ്.

4.രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-34(വരവ് ഭാഗം) പ്രകാരം Bidders Security Deposit എന്നയിനത്തിൽ 2017/- രൂപ വരവുള്ളതായും, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം 3267/- രൂപ ബാലൻസുള്ളതായും കാണുന്നു. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വരവ്, നീക്കിയിരിപ്പ് തുകകൾ യഥാക്രമം 0/- രൂപ, 1250/- രൂപ എന്നിങ്ങനെയാണ്.

5.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Contributions Towards Joint Venture Project- From Block Panchayaths എന്നയിനത്തിൽ ചെലവിനായുള്ള വരവ് 3662400/- എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 3712400/-രൂപ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

6.തൻവർഷം വികസന ഫണ്ട്(ജനറൽ), വികസന ഫണ്ട്(എസ്.സി.പി) എന്നീ ഫണ്ടുകളുടെ അലോട്ട്മെന്റുകളിൽ നിന്നും ഉറവിടത്തിൽ കുറവു ചെയ്ത തുകകൾക്കനുസൃതമായി ജി.ഒ പ്രോജക്റ്റ് രൂപീകരിച്ചിരുന്നില്ല. തന്മൂലം പ്രസ്തുത ഫണ്ടുകളുടെ വാർഷിക കണക്കിലെയും എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

7.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-2 പ്രകാരം Panchayaths Distress Relief Fund ഇനത്തിൽ 22422/-രൂപയുടെ ബാധ്യത കാണിച്ചിരിക്കുന്നു. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം ഇതിനായി ആരംഭിച്ചിട്ടുള്ള അക്കൌണ്ടിൽ 3332/-രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്.

8.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Development Fund Central Finance Commission Grant ഇനത്തിൽ 50000/-രൂപയും, Development Fund- KLGSDP Grant- Capital എന്നയിനത്തിൽ 1128794/-രൂപയും ബാധ്യതയായി കാണിച്ചിരിക്കുന്നു.

9.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം താഴെപ്പറയുന്ന മുൻകൂറുകൾ ക്രമീകരിക്കാതവശേഷിക്കുന്നു.

| ഇനം | തുക |
|---|---|
| Advance To Implimenting Agencies- Deposit With Kerala Water Authority | 1600994 |
| Advance To Implimenting Agencies- Deposit With Ground Water Department | 650000 |
| Advance To Implimenting Agencies- Deposit With Public Works Department | 34777 |
| Advance To Implimenting Officers | 923336 |

10.സെക്യേഡ് ലോണിനത്തിൽ തൻവർഷം സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(a)-യിൽ Housing & House Electrification Loan Repayment എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

11.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരമുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ് തുകയും, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഉൾപ്പെടെയുള്ള തുക (74617739/-രൂപ) എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റുമായി (749310000) പൊരുത്തപ്പെടുന്നില്ല.

12. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി സഞ്ചയ സേഫ്റ്റ് വെയറിൽ നിന്നുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

13.തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 13383/-രൂപ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-10-ൽ നിശ്ചിത ഹെഡിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9798254 |
| വരവ് | 104970246 |
| ആകെ | 114768500 |
| ചെലവ് | 98771372 |
| നീക്കിയിരിപ്പ് | 15997128 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 176039 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2522146 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 13607480 | 13607480 | 4117520 | 11452201 | 2155279 |
| വികസന ഫണ്ട് (എസ്.സി.പി.) | | 2691294 | 2691294 | 14706 | 1321999 | 1369295 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 269000 | 269000 | | 190000 | 79000 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 5788000 | 5788000 | | 1631117 | 4156883 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 3903000 | 3903000 | | 3433992 | 469008 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | | 10263530 | 10263530 | | 1853779 | 8409751 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവ് ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (4117520/-രൂപ) കഴിച്ചുള്ള തുകയാണ്. തന്മൂലം വരവ്, ചെലവ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 13607480 | 13607480 | 11452201 | 2155279 |
| യഥാർത്ഥ തുക | 0 | 17725000 | 17725000 | 15569721 | 2155279 |

2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവ് ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (14706/-രൂപ) കഴിച്ചുള്ള തുകയാണ്. തന്മൂലം വരവ്, ചെലവ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | 2691294 | 2691294 | 1321999 | 1369295 |
| യഥാർത്ഥ തുക | | 2706000 | 2706000 | 1336705 | 1369295 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 182407015 | 93 | 82950572 | | 91 | 50.54% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 14825 | 1360419 | 1645244 | 1290276 | 354968 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 73327463 | 73327463 | 73327463 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 217440 | 230 |
| കർഷകതൊഴിലാളി പെൻഷൻ | 3846000 | 695 |
| വിധവാപെൻഷൻ | 4633800 | 922 |
| വാർദ്ധക്യകാലപെൻഷൻ | 6489600 | 1696 |
| വികലാംഗപെൻഷൻ | 1566200 | 301 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.03.2022-3.30-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10934/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്ന തിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4.പെൻഷണേഴ്സിന്റെ മരണവിവരങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുപോലും പെൻഷൻ സസ്പെന്റുചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നു.

5.ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ പദ്ധതിഫയലുകൾ പരിശോധിച്ചതിൽ ഭൂരിഭാഗം പദ്ധതികളുടേയും നിർവ്വഹണവേളയിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ പര്യാപ്തമായ മോണിട്ടറിംഗ് നടത്തി മോണിട്ടറിംഗ് റിപ്പോർട്ടുകൾ നൽകുന്നില്ല എന്നു കാണുന്നു .

6തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായമാക്കിയാൽ കറന്റ് ചാർജ് വീണ്ടും കുറയുമെന്നുള്ളതിനാൽ ഇവ മീറ്റേഡ് സിസ്റ്റത്തിലാക്കാൻ ശ്രമിക്കേണ്ടതാണ് .

7. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള KL29 H 8417 എന്ന വാഹനത്തിന്റെ ലോഗ്ബുക്കിൽ മാസാന്ത്യസംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല എന്നു കാണുന്നു.

8. ചെലവുകൾക്ക് ചെക്ക് ഇഷ്യൂ ചെയ്തതിനുശേഷമാണ് സാംഖ്യയിൽ അവയുടെ ചെലവു ചേർക്കുന്നതും ചെലവിന് അനുവാദം നൽകുന്നതും എന്ന് കാണുന്നു. ഈ തെറ്റായ രീതി ഒഴിവാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകളിന്മേൽ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-10 വസ്തുനികുതി - അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയർ ജനറേറ്റ് ചെയ്ത റിപ്പോർട്ടുകളിൽ നിന്നും താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1.വേണു,ത്രിവേണി,കാട്ടിൽമാർക്കറ്റ് (1/53A) മുതൽ ഷിജി,അക്ഷയ് ഭവനം,കാട്ടിൽ മാർക്കറ്റ്(15/479A) വരെ 58 പേർക്ക് ജി.ഒ.(എം.എസ്)358/2015 തീയതി 16.12.15 പ്രകാരമുള്ള നികുതി ഇളവ് നല്കിയിരിക്കുന്നത് പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള സത്യമാങ്മൂലം അവരിൽ നിന്നും വാങ്ങാതെയാണ്.

2. പ്രിൻസി,ചോതിയിൽ,കാട്ടിൽമാർക്കറ്റ്(1/155A) മുതൽ സുധീഷ് വിനു പിള്ള,മാധവം,താമല്ലാക്കൽ തെക്ക് ( 15/71A)വരെ യുള്ള 11 പേരെ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഡിമാന്റിൽ കുറവ് വരുത്തിയിട്ടില്ല. ഡിമാന്റ് വിവരങ്ങൾ കൃത്യമാക്കിയില്ലെങ്കിൽ പിന്നീട് ബുക്ക് അഡ്ജസ്റ്റ്മെന്റിലും അതിന്റെ ഫലം നിഴലിക്കുന്നതിനാൽ, ഡിമാന്റ് വിവരങ്ങൾ കൃത്യമാക്കി അറിയിക്കേണ്ടതാണ്.

3..ഗോപാലകൃഷ്ണകുറുപ്പ്, ചെറുകുന്നത്ത് കിഴക്കതിൽ,കുമാരപുരം(5/251)

ചന്ദ്രൻ, താശിചിറയിൽ,എരിക്കാവ്( 9/19)എന്നിവരുടെ രസീത് തുകയും, കളക്ഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4.രമണി,രമണിസദനം,താമല്ലാക്കൽ(1/37)ൻ മുതൽ ഉഷാകുമാരി,അമ്പാടി,താമല്ലാക്കൽ തെക്ക്(15/520) വരെയുള്ള 257 പേരുടെ നികുതി രസീത് വിവരങ്ങളില്ലാതെയാണ് കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നത് .

വസ്തു നികുതി കുടിശ്ശിക ഡിമാന്റിൽ എല്ലാ വർഷവും പഞ്ചായത്ത് ബുക്ക് അഡ്ജസ്റ്റ്മെന്റ് വരുത്തുന്നുണ്ട്. ഓരോ വർഷവും പഞ്ചായത്ത് നടത്തുന്ന ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ സംബന്ധിച്ച് സഞ്ചയ് സോഫ്റ്റ്വെയർ റിപ്പോർട്ടുകളൊന്നും ജനറേറ്റ് ചെയ്യുന്നില്ല. ഇക്കാരണത്താൽ ഓഡിറ്റ് വകുപ്പിന് ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ നിലവിലുള്ള ഡേറ്റയാണ് ബുക്ക് അഡ്ജസ്റ്റ്മെന്റിന് ഉപയോഗിക്കുന്നത്. അതിനാൽ മുൻ വർഷങ്ങളിലെ കളക്ഷനിൽ കൃത്യത ഉറപ്പാക്കേണ്ടതുണ്ട്. രസീതുകൾ പരിശോധിച്ച് തുക ഒടുക്കിയ രസീത് നമ്പർ ചേർക്കേണ്ടതാണ്. രസീതുകളില്ലെങ്കിൽ, തുക കുടിശ്ശികയായി കണക്കേക്കേണ്ടതാണ്.

5. തങ്കപ്പൻ,രമേശ്ഭവനം,താമല്ലാക്കൽതെക്ക് (1/126) മുതൽ നടരാജൻ,മുട്ടങ്കൽ കിഴക്കതിൽ, താമല്ലാക്കൽ (12/175) വരെ 27 പേരുടെ നികുതി ഡിമാന്റില്ലാത്ത വർഷങ്ങളിലാണ് കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നത്. ഡിമാന്റ് വിവരങ്ങൾ കൃത്യമാക്കിയില്ലെങ്കിൽ പിന്നീട് ബുക്ക് അഡ്ജസ്റ്റ്മെന്റിലും അതിന്റെ പ്രതിഫലനം ഉണ്ടാകും. ഡിമാന്റ് വിവരങ്ങൾ കൃത്യമാക്കി അറിയിക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.(നം.22/09.03.2022)

## 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെ ന്യൂനത

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി 2019-20 ൽ രണ്ട് അർദ്ധവർഷങ്ങളിലും കുറവായാണ് ഈടാക്കിയിട്ടുള്ളത്. തൊഴിലാളികൾക്ക് നൽകേണ്ട മിനിമം വേജസ് സർക്കാർ ഉത്തരവ് ജി.ഒ. (പി) നം. 196/2016/ LBR തീയതി 21.12.2016 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

1. ഹോർട്ടി കോർപ്പ്, ഹരിപ്പാട്

| ജീവനക്കാരന്റെ പേര്/ഉദ്യോഗപ്പേര് | സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി |
|---|---|---|
| കാർത്തിക് ബാലൻ,ജില്ലാമാനേജർ | 23000 | 180 |
| സനീഷ് ബി, അക്കൗണ്ടന്റ് | 15000 | 120 |
| ശ്രീകുമാർ ആർ, സൂപ്പർവൈസർ | 15000 | 120 |
| മഞ്ജു എൽ,കമ്പ്യൂട്ടർ ഓപ്പറേറ്റർ | 15000 | 120 |
| ശരത് എസ്,ഡ്രൈവർ | 15000 | 120 |
| സഞ്ജയ് ബി,ഗോഡൗൺവർക്കർ | 15000 | 120 |
| ശോശാമ്മ കെ.പി,സ്റ്റോർ ഇൻ ചാർജ്ജ് | 15000 | 120 |
| ബിജോ ബാബു,ഗോഡൗൺവർക്കർ | 15000 | 120 |
| പ്രേംശങ്കർ, ഗോഡൗൺവർക്കർ | 15000 | 120 |

. ഗുരുദേവാ ട്രസ്റ്റ്, എരിക്കാവ്

| ജീവനക്കാരന്റെ പേര്/ഉദ്യോഗപ്പേര് | സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി |
|---|---|---|
| അശോകൻ, ഡ്രൈവർ | 29000 | 180 |
| മധു,ഡ്രൈവർ | 29000 | 180 |
| പ്രകാശ്, ഡ്രൈവർ | 29000 | 180 |

| | | |
|---|---|---|
| വേണുഗോപാൽ, ഡ്രൈവർ | 29000 | 180 |
| സന്തോഷ്, ഡ്രൈവർ | 29000 | 180 |
| ശാന്തിലാൽ, ഡ്രൈവർ | 29000 | 180 |
| മോഹനൻ, ഡ്രൈവർ | 29000 | 180 |
| സുരേന്ദ്രൻ, ഡ്രൈവർ | 29000 | 180 |
| ഹരികുമാർ, ഡ്രൈവർ | 29000 | 180 |
| ബാബു, ഡ്രൈവർ | 29000 | 180 |
| സജീവ്, ഡ്രൈവർ | 29000 | 180 |
| അഭിലാഷ്, ഡ്രൈവർ | 29000 | 180 |
| രാജപ്പൻ, ഡ്രൈവർ | 29000 | 180 |
| കുഞ്ഞുമോൻ | 29000 | 180 |
| അനീഷ് | 29000 | 180 |
| അനൂപ് | 29000 | 180 |
| വാമദേവൻ, ഡ്രൈവർ | 29000 | 180 |
| രാജൻ, വർക്കർ | 29000 | 180 |
| പുരുഷോത്തമൻ, വർക്കർ | 29000 | 180 |
| അമ്പിളി, വർക്കർ | 25750 | 180 |
| ലീല, വർക്കർ | 25750 | 180 |

മിനിമം വേജസ് സംബന്ധിച്ച ഉത്തരവ് പ്രകാരം മേൽപട്ടികയിൽ ചേർത്തിട്ടുള്ള ജീവനക്കാരുടെ അർദ്ധവാർഷികവരുമാനം ഡി.എ.ഉൾപ്പടെ 60000 രൂപയ്ക്കും 74999 രൂപയ്ക്കും ഇടയിലാണ്. ഇവർക്ക് ബാധകമായ തൊഴിൽ നികുതി 600 രൂപയാണ്.

ഈ വിഷയം സ്ഥാപന ഉടമകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.(നം.16/034.03.2022)

## 1-12 അർദ്ധവാർഷിക വരുമാനത്തിനനുസരിച്ച് തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ 2019-20 ലെ തൊഴിൽ നികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ പോപ്പുലർ മോട്ടോർകോർപ്പറേഷൻ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2019-20 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായല്ല കണക്കാക്കിയത് എന്ന് വ്യക്തമാകുന്നു. വിശദാംശം ചുവടെചേർക്കുന്നു.

| ജീവനക്കാരന്റെ പേര്/ഉദ്യോഗപ്പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| ആഷിക് എ, എക്സിക്യൂട്ടീവ് ഗ്രേഡ്-1 | 66670 | 450 | 600 | 150 |
| നന്ദു കൃഷ്ണൻ,എക്സിക്യൂട്ടീവ് ഗ്രേഡ്-1 | 65731 | 450 | 600 | 150 |
| സ്വരാജ് കെ സതീശൻ,സീനിയർ ടീം ലീഡർ | 172941 | 1000 | 1250 | 250 |
| ശരണ്യ രതീഷ്, അക്കൗണ്ട്സ് എക്സിക്യൂട്ടീവ് ഗ്രേഡ്-1 | 74876 | 450 | 600 | 150 |
| രാഹുൽ എസ്, ടീം ലീഡർ | 102969 | 750 | 1000 | 250 |
| സൂരജ് പി.ആർ, സൂപ്പർവൈസർഗ്രേഡ്-1 | 170727 | 1000 | 1250 | 250 |
| അഖിൽ എ, മെക്കാനിക് | 63589 | 450 | 600 | 150 |
| ബിജിത്കുമാർ എം, മെക്കാനിക് | 82688 | 600 | 750 | 150 |
| സുധി എസ്, മെക്കാനിക് | 51479 | 300 | 450 | 150 |
| ആകെ കുറവ് | | | | 1650 |

തൊഴിൽ നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. (നം.12/03.03.2022) . കുറവ് വന്ന 1650/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 ഫയൽ ഹാജരാക്കിയില്ല

വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ഓഫ് റസീറ്റ് ആന്റ് പെയ്മെന്റ് RP-4 പ്രകാരം Restoration Charges For Road Cutting ഇനത്തിൽ (140700101) 10,75,630 /- രൂപ വരവ് ഉണ്ട്. ഇതിൽ 10,63,880/- രൂപ JIO OFC CABLE WORK ഒടുക്കിയിട്ടുള്ള തുകയാണ്. പ്രസ്തുത വരവ് സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അതിനാൽ വരവ് തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല. ഫയൽ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. (നം.28/.09.03.2022)

## 1-14 സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ തുകകൾക്കനുസൃതമായി ജി.ഒ പ്രോജക്ട് തയ്യാറാക്കിയില്ല.

കുമാരപുരം ഗ്രാമ പഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ അലോക്കേറ്റ് ചെയ്ത തുകയിൽ നിന്നും വിവിധയിനങ്ങളിൽ സോഴ്സ് ഡിഡക്ഷനിലൂടെ തുകകൾ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ തുകകൾക്കനുസൃതമായി ജി.ഒ പ്രോജക്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനങ്ങളിലുള്ള ചെലവുകളൊന്നും തന്നെ പഞ്ചായത്തിന്റെ പദ്ധതി ചെലവിലൊ വാർഷിക കണക്കിലൊ ഉൾപ്പെട്ടു വന്നിട്ടില്ല. വിവിധയിനങ്ങളിൽ ഈടാക്കിയ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

1.വികസന ഫണ്ട്-(ജനറൽ)

| അലോട്ട്മെന്റ് ഉത്തരവ് നം. | വെള്ളക്കര കുടിശ്ശിക | വൈദ്യുതി കുടിശ്ശിക | ലൈഫ് വായ്പ തിരിച്ചടവ് |
|---|---|---|---|
| ജി.ഒ(ആർ.റ്റി) നം.2772/2019 ഫിൻ തീ.03.04.2019 | 7181 | 217 | |
| ജി.ഒ(ആർ.റ്റി) നം.6105/2019 ഫിൻ തീ.01.08.2019 | 7181 | | 2051471 |
| ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീ.21.12.2019 | | | 2051470 |

2.വികസന ഫണ്ട്-(എസ്.സി.പി)

| അലോട്ട്മെന്റ് ഉത്തരവ് നം. | ലൈഫ് വായ്പ തിരിച്ചടവ് |
|---|---|
| ജി.ഒ(ആർ.റ്റി) നം.6105/2019 ഫിൻ തീ.01.08.2019 | 7353 |
| ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീ.21.12.2019 | 7353 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.30 തീ.09.03.2022) മറുപടി ലഭ്യമാക്കിയില്ല. സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ തുകകൾക്കനുസൃതമായി ജി.ഒ പ്രോജക്ട് തയ്യാറാക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-15 അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാത്തത് സംബന്ധിച്ച്.

2019-20 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതു വിഭാഗത്തിൽ നിന്നും നിശ്ചിത ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സർക്കാർ നിർദേശിച്ചിരുന്നു. ആയത് പ്രാകരം കുമാരപുരം ഗ്രാമ പഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷം വികസന ഫണ്ട് പൊതു വിഭാഗത്തിൽ അലോക്കേറ്റ് ചെയ്ത തുകയിൽ നിന്നും അംഗൻവാടി ജീവനക്കാരുടെ 2019-20 വർഷങ്ങളിലെ പ്രതിഫല ഇനത്തിലെ പഞ്ചായത്ത് വിഹിതം 788400/- രൂപ (18 അംഗൻവാടികളിലെ വർക്കർമാർക്ക് പ്രതിമാസം 2200/-രൂപ നിരക്കിലും, ഹെൽപ്പർമാർക്ക് പ്രതിമാസം 1450/-രൂപ നിരക്കിലും ഒരു വർഷത്തേയ്ക്കുള്ള തുക) നിശ്ചിത ശീർഷകത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കുന്നതിന് താഴെപ്പറയുന്ന ഉത്തരവുകളിൽ നിർദേശിച്ചിരുന്നു.

| അലോട്ട്മെന്റ് ഉത്തരവ് നം. | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം 2019-20 |
|---|---|
| ജി.ഒ(ആർ.റ്റി) നം.2772/2019 ഫിൻ തീ.03.04.2019 | 262800 |
| ജി.ഒ(ആർ.റ്റി) നം.6105/2019 ഫിൻ തീ.01.08.2019 | 262800 |
| ജി.ഒ(ആർ.റ്റി) നം.10050/2019 ഫിൻ തീ.21.12.2019 | 262800 |

എന്നാൽ കുമാരപുരംഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം മേൽ ഉത്തരവുകൾ പ്രകാരമുള്ള തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയിട്ടില്ല. വികസന ഫണ്ട് പൊതു വിഭാഗത്തിൽ തൻവർഷം അലോക്കേറ്റ് ചെയ്ത തുകയിൽ 2155279/- രൂപ ലാപ്സായി പോയിരുന്നു. അതത് വർഷത്തേയ്ക്കുള്ള തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ലായെങ്കിൽ തുടർ വർഷത്തെ

അലോക്കേഷനിൽ നിന്നും ഈ തുക കിഴിവ് ചെയ്തതിനു ശേഷമെ വികസന ഫണ്ടിന്റെ പൊതു വിഭാഗത്തിലുള്ള അലോക്കേഷൻ അനുവദിക്കാറുള്ളൂ. വികസന ഫണ്ടിൽ മതിയായ ഫണ്ടുണ്ടായിട്ടും അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കാതിരുന്നതിനാൽ തുടർ വർഷങ്ങളിലെ അലോക്കേഷനിൽ പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാമായിരുന്ന 788400/- രൂപയുടെ കുറവ് വരാൻ കാരണമാകും. ടി തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-16 കിഴങ്ങ് വർഗ കൃഷി കിറ്റ് വിതരണം- ഗുണഭോക്താക്കൾ കൈപ്പറ്റിയതിനു രേഖകളില്ല.

പ്രോജക്ട് നം.22

പ്രോജക്ടിന്റെ പേര്: ഇടവിള കൃഷി (വനിത)

അടങ്കൽ-വികസന ഫണ്ട്- 999750/-രൂപ

ചെലവ്- വികസന ഫണ്ട്- 999749/-രൂപ (ട്രഷറി ബിൽ നം.2 തീ.18.01.2020-416562

ട്രഷറി ബിൽ നം.4 തീ.18.01.2020-416562

ട്രഷറി ബിൽ നം.5 തീ.18.01.2020-166625)

ഈ പദ്ധതി പ്രകാരം തൻവർഷം വി.എഫ്.പി.സി.കെ-യിൽ നിന്നും കിറ്റൊന്നിന് 666.50 രൂപ നിരക്കിൽ 1500 കിഴങ്ങ് വർഗ കൃഷി കിറ്റ് വാങ്ങിയതിന്റെ വിലയായി മേൽ ബില്ലുകൾ പ്രകാരം ആകെ 999749/- രൂപ നല്കിയിട്ടുണ്ട്. ആയതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പ്രസ്തുത കിഴങ്ങ് വർഗ കിറ്റ് കൈപ്പറ്റി വിതരണ സ്റ്റേറ്റ്മെന്റിൽ ഒപ്പു വച്ചതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം./ വിതരണ ലിസ്റ്റിലെ ക്രമ നം | കൈപ്പറ്റിയ കിറ്റിന്റെ എണ്ണം |
|---|---|---|---|
| 1 | ലതിയമ്മ, ആറ്റുപുറത്ത് കിഴക്കതിൽ | 1/49 | 1 |
| 2 | ഷീല ആര്യഭവനം | 1/84 | 1 |
| 3 | ശ്രീലത പരപ്പേൽ പുത്തൻവീട് | 1/92 | 1 |
| 4 | ഷീജ കോടന്തറ പടീറ്റതിൽ | 3/17 | 1 |
| 5 | സരസ്വതി പി.എസ്.ഭവനം | 12/100 | 1 |
| 6 | ശ്രീജ പുത്തൻപുരയിൽ | 13/61 | 1 |
| 7 | രഘു കാട്ടിൽ | 13/73 | 1 |
| 8 | സരസമ്മ പുത്തൻകാട്ടിൽ | 14/28 | 1 |
| | ആകെ | | 8 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.13 തീ.04.03.2022) കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടി ഓഡിറ്റന്വേഷണത്തിൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഇടവിള കിറ്റ് കൈപ്പറ്റിയെങ്കിലും വിതരണ സ്റ്റേറ്റ്മെന്റിൽ ഒപ്പിടാതിരുന്നത് ശ്രദ്ധയിൽപ്പെട്ടില്ലായെന്നും, പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും കിറ്റുകൾ കൈപ്പറ്റിയതിന്റെ അക്നോളഡ്ജ്മെന്റ് അടുത്ത ദിവസം തന്നെ വാങ്ങി സൂക്ഷിക്കുന്നതുമാണ് എന്നാണ്. 2020 ജനുവരി മാസം വിതരണം നടത്തിയ ഇടവിളകിറ്റുകളുടെ കൈപ്പറ്റ് രസീത് ഇപ്പോൾ ഒപ്പിട്ടു വാങ്ങി സൂക്ഷിക്കാമെന്ന വാദഗതി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ ഗുണഭോക്താക്കൾ കിഴങ്ങ് വർഗ കിറ്റ് കൈപ്പറ്റിയിട്ടില്ലാത്തതിനാൽ ഇവർക്കായി ചെലവഴിച്ച 5332/-രൂപ (666.50x8) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ഹെഡ് മിസ്ട്രസ്സ് രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്.

കുമാരപുരം ഗ്രാമ പഞ്ചായത്തിൽ ഗവ. എൽ.പി സ്കൂൾ ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷം 14 പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നു. ഇതിൽ 8 പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം/ പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|
| 1. | 55/ സാംസ്കാരിക നിലയത്തിലേയ്ക്ക് പത്രമാസിക- പുസ്തകങ്ങൾ തുടർവിദ്യാ കേന്ദ്രത്തിലേയ്ക്ക് | 39449 | 20/18.03.2020 |

| | | | |
|---|---|---|---|
| | പത്രമാസിക | | |
| 2. | 112/ സാംസ്കാരിക നിലയത്തിലേയ്ക്ക് പത്രമാസിക- പുസ്തകങ്ങൾ തുടർവിദ്യാ കേന്ദ്രത്തിലേയ്ക്ക് പത്രമാസിക (സ്പിൽ ഓവർ) | 18767 | 4/06.06.2019 |

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം ഓഡിറ്റിന് രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ലാ എന്ന കരുതപ്പെടുത്തുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണെന്ന് പറഞ്ഞിരിക്കുന്നു. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ അടിയന്തിരമായി ഓഡിറ്റിനായി ലഭ്യമാക്കിയില്ലായെങ്കിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിയ്ക്കും എന്ന് കാണിച്ച് ഹെഡ് മിസ്ട്രസ്സിന് ഓഡിറ്റ് എൻക്വയറി (നം.21 തീ.08.03.2022)നല്കിയെങ്കിലും രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ഉത്തരവാദിയായ ഹെഡ്മിസ്ട്രസ്സിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നിർവഹിച്ചു

പ്രോജക്ട് നം.223/2020

പ്രോജക്ടിന്റെ പേര്: എസ്.പി.സി കുട്ടികൾക്ക് പോഷകാഹാരം

അടങ്കൽ-തനത് ഫണ്ട്- 70000/-രൂപ

ചെലവ്- തനത് ഫണ്ട്- 70000/-രൂപ (ചെക്ക് നം.2856319 തീ.28.03.2020)

സ്റ്റുഡന്റ് പോലീസ് കേഡറ്റ് കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിരുന്നത്. എന്നാൽ ഈ പദ്ധതി പ്രകാരം കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനു പകരമായി അമിഗോ യുണിസോൺ, നിലമ്പൂർ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും എസ്.പി.സി യൂണിഫോം സെറ്റ് വാങ്ങിയിരിക്കുന്നു. ആവിഷ്കരിച്ച പ്രോജക്ടിൽ നിന്നും വ്യത്യസ്തമായി പ്രോജക്ട് നടപ്പാക്കുന്നതിന് പ്രോജക്ട് റിവൈസ് ചെയ്ത് ജില്ലാ ആസൂത്രണ സമിതിയിൽ സമർപ്പിച്ച് അംഗീകാരം നേടിയതായി കാണുന്നില്ല. കൂടാതെ സർക്കാർ ഉത്തരവ്(കൈ) നം.22/2018/ത.സ്വ.ഭ.വ തീ. 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 5.6 പ്രകാരം പട്ടികജാതി/ പട്ടിക വർഗം സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സ്കൂൾ യൂണിഫോം, സ്പോർട്സ് ജഴ്സി ഒഴികെയുള്ള വസ്തുക്കൾക്കും യൂണിഫോമുകൾക്കും സബ്സിഡി നല്കാൻ പാടില്ലായെന്ന പറഞ്ഞിരിക്കുന്നു. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നിർവഹിക്കാനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23.09.03.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(പ്രോജക്ട് ഫയലിൽ അമിഗോ യുണിസോൺ, നിലമ്പൂർ, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ഒരു ബിൽ അല്ലാതെ മറ്റു രേഖകളൊന്നും ഫയലിൽ ഇല്ല.)

## 1-19 കുട്ടികൾക്ക് പ്രഭാത ഭക്ഷണം-രേഖകൾ ലഭ്യമല്ല

കുമാരപുരം ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം പൊത്തപ്പള്ളി എൽ.പി.എസ്, ജി.യു.പി.എസ് എരിക്കാവ്, കെ.കെ.വി.എം.എൽ.പി.എസ് തുടങ്ങിയ സ്കൂളുകളിലെ എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണം നല്കുന്നതിനായും, മുൻവർഷം ഭക്ഷണം വിതരണം ചെയ്തതിന്റെ തുക നല്കുന്നതിനുമായി ഹെഡ്മിസ്ട്രസ്സ് നിർവഹണോദ്യോഗസ്ഥയായി രണ്ട് പദ്ധതികൾ ആവിഷകരിച്ചിരുന്നു. പദ്ധതി നിർവഹണത്തിന്റെ ഭാഗമായി ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതിന്റെയും പാചക കൂലി നല്കിയതിന്റെയും വിറക് വാങ്ങിയതിന്റെയും തുക വിവിധ വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് നല്കിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയ ഈ സ്ഥാപനങ്ങളെ /വ്യക്തികളെ പദ്ധതി നിർവഹണത്തിനായി എപ്രകാരം തെരഞ്ഞെടുത്തു, ഏതേത് സ്കൂളുകളിൽ എത്ര കുട്ടികൾക്ക് എത്ര ദിവസം ഭക്ഷണം നല്കി തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം.53/2020

പ്രോജക്ടിന്റെ പേര്: സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം

അടങ്കൽ-വികസന ഫണ്ട്- 450000/-രൂപ

തനത് ഫണ്ട്- 287332

ചെലവ്- 672606

(1.ട്രഷറി ബിൽ നം. 6 തീ.14.10.2019- 55741/-രൂപ

2.ട്രഷറി ബിൽ നം. 7 തീ.06.11.2019- 50506/-രൂപ

3.ട്രഷറി ബിൽ നം. 8 തീ.16.12.2019- 23450/-രൂപ

4.ട്രഷറി ബിൽ നം. 9 തീ.16.12.2019- 22675/-രൂപ

5.ട്രഷറി ബിൽ നം. 10 തീ.16.12.2019- 78672/-രൂപ

6.ട്രഷറി ബിൽ നം. 11 തീ.31.12.2019- 17657/-രൂപ

7.ട്രഷറി ബിൽ നം. 12 തീ.31.12.2019- 85998/-രൂപ

8.ട്രഷറി ബിൽ നം. 13 തീ.28.01.2020- 40377/-രൂപ

9.ട്രഷറി ബിൽ നം. 14 തീ.26.02.2020- 54196/-രൂപ

10.ട്രഷറി ബിൽ നം. 19 തീ.13.03.2020- 3071/-രൂപ

11.ചെക്ക് നം.2856318 തീ.28.03.2020- 240263/-രൂപ)

2.പ്രോജക്ട് നം.103/2020

പ്രോജക്ടിന്റെ പേര്: സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം (സ്പിൽ ഓവർ)

അടങ്കൽ-വികസന ഫണ്ട്- 56584/-രൂപ

ചെലവ്- 56584

(1.ട്രഷറി ബിൽ നം. 1 തീ.06.06.2019- 13701/-രൂപ

2.ട്രഷറി ബിൽ നം. 2 തീ.06.06.2019- 31800/-രൂപ

3.ട്രഷറി ബിൽ നം. 3 തീ.06.06.2019- 11083/-രൂപ)

ഇതു കൂടാതെ മേൽ ക്രമ നമ്പർ 1 പ്രകാരമുള്ള പ്രോജക്ടിൽ താഴെപ്പറയുന്ന ചെക്കുകൾ/ബില്ലുകൾ പ്രകാരം മാറിയ തുകകളുടെ ചെലവ് വിവരം ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | വൌച്ചർ നം. | ചെക്ക് നം. /തീയതി | തുക |
|---|---|---|---|
| | തനത് ഫണ്ട് | | |
| 1 | 21900843 | 2856318 തീ.28.03.2020 | 9600 |
| 2 | 21900847 | | 84637 |
| 3 | 21900849 | | 31326 |
| | ആകെ | | 125563/-രൂപ |
| | പ്ലാൻ ഫണ്ട് | | |
| ക്രമ നം. | അലോട്ട്മെന്റ് നം./തീ | ബിൽ നം./ തീയതി | തുക |
| 1 | 160 തീ.12.12.2019 | 11 തീ.31.12.2019 | 17657 |
| 2 | 178 തീ. 28.12.2019 | 12 തീ.31.12.2019 | 85998 |
| 3 | 227 തീ. 27.01.2020 | 13 തീ. 28.01.2020 | 40377 |
| 4 | 257 തീ. 17.02.2020 | 14 തീ. 26.02.2020 | 54196 |
| 5 | 325 തീ. 12.03.2020 | 19 തീ. 13.03.2020 | 3071 |
| | ആകെ | | 201299 |

രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന ഹെഡ്മിസ്ട്രസ്സിന് ഓഡിറ്റ് എൻക്വയറി (നം.23/09.03.2022) നല്കിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ മേൽ രണ്ട് പ്രോജക്ടുകൾക്കായി ചെലവഴിച്ച 729190/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 1-20 ഹെഡ്മിസ്ട്രസ്സ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികൾ -രേഖകൾ അപൂർണം.

കുമാരപുരം ഗ്രാമ പഞ്ചായത്തിൽ ഹെഡ്മിസ്ട്രസ്സ് നിർവഹണ ഉദ്യോഗസ്ഥയായി 2019-20സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം.124/2020

പ്രോജക്ടിന്റെ പേര്: എരിക്കാവ് ഗവണ്മെന്റ് യു.പി സ്കൂളിന് ഫർണീച്ചർ

അടങ്കൽ-ധനകാര്യ കമ്മീഷൻ അവാർഡ്- 30616/-രൂപ

തനത് ഫണ്ട്- 36812/-രൂപ

ആകെ- 67428

ചെലവ്- 67428

(ട്രഷറി ബിൽ നം. 16 തീ.27.02.2020- 30616/-രൂപ)

ചെക്ക് നം.2856308 തീ.11.03.2020- 36812/-രൂപ

എരിക്കാവ് ഗവണ്മെന്റ് യു.പി സ്കൂളിന് ഫർണീച്ചർ വാങ്ങുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലോ, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളോ ലഭ്യമായില്ല.

2.പ്രോജക്ട് നം.125/2020

പ്രോജക്ടിന്റെ പേര്: എരിക്കാവ് ഗവണ്മെന്റ് യു.പി സ്കൂളിന് ലാപ്ടോപ്പ്

അടങ്കൽ-ധനകാര്യ കമ്മീഷൻ അവാർഡ്- 35000/-രൂപ

ചെലവ്- 27722

(ട്രഷറി ബിൽ നം. 18 തീ.10.03.2020- 27722/-രൂപ)

എരിക്കാവ് ഗവണ്മെന്റ് യു.പി സ്കൂളിന് ലാപ്ടോപ്പ് വാങ്ങുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. ഈ

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലോ, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളോ ലഭ്യമായില്ല.

3.പ്രോജക്റ്റ് നം.54/2020

പ്രോജക്ടിന്റെ പേര്: തായ്ക്കോണ്ടോ പരിശീലനം

അടങ്കൽ-വികസന ഫണ്ട്- 50000/-രൂപ

ചെലവ്- 50000

(ട്രഷറി ബിൽ നം. 17 തീ.10.03.2020- 50000/-രൂപ)

ഗവണ്മെന്റ് യു.പി സ്കൂൾ, എരിക്കാവ്, എം.എം.വി.യു.പി സ്കൂൾ, താമല്ലാക്കൽ എന്നീ സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് തായ്ക്കോണ്ടോ പരിശീലനം നല്കുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഷോജിത്ത് എന്ന വ്യക്തി വെള്ളപേപ്പറിൽ എഴുതി നല്കിയിട്ടുള്ള കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. പരിശീലനം നല്കിയതിന്റെ വിവരങ്ങളോ, പരിശീലകന്റെ യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകളോ, വിദ്യാർത്ഥിനികളുടെയും പരിശീലകന്റെയും ഹാജർ വിവരങ്ങളോ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.

മേൽ പദ്ധതികളുടെ നിർവഹണ രേഖകൾ ഓഡിറ്റിൽ ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.23 തീ.09.03.2022) നല്കിയിട്ടും രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ഉണ്ടായില്ല. രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 145150/-രൂപ (67428+27722+50000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 1-21 ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ - S0044/20 കന്നുകുട്ടി പരിപാലനം

നിർവ്വഹണം - വെറ്ററിനറി സർജൻ

അടങ്കൽ - 312500 /- ( വികസനഫണ്ട് )

-312500/- ( സംസ്ഥാനാവിഷ്കൃത ഫണ്ട് )

-625000 /- (ഗുണ.വിഹിതം )

ആകെ -1250000/-

ചെലവ് -312500/- ബിൽ നം - 4/19-20/21.01.2020

വെറ്ററിനറി സർജൻ നടപ്പാക്കിയ കന്നുകുട്ടി പരിപാലനം പ്രോജക്ടിൽ 312500/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രം അസി.ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റ് പൂർത്തികരിച്ച് തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/03.03.2022) മറുപടി ലഭ്യമാക്കിയില്ല.

ധന വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 312500/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 കുടിവെള്ളവിതരണം- രേഖകൾ പൂർണ്ണമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ 2,3, വാർഡുകളിൽ 28.02.2019 മുതൽ 26.03.2019 വരെ കുടിവെള്ളം വിതരണം നടത്തിയതിന് ശ്രീ.അബ്ദുൾ ഷുക്കൂർ എം എന്ന വ്യക്തിക്ക് 110952/-രൂപ തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. (ചെക്ക് നം.2313179 / 21.06.2019) ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കുടിവെള്ള വിതരണത്തിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

2. ശ്രീ.അബ്ദുൾ ഷുക്കൂർ എം നെ കുടിവെള്ള വിതരണത്തിന് പഞ്ചായത്ത് കമ്മറ്റി തെരഞ്ഞെടുത്തതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ടിയാൾ ഗ്രാമപഞ്ചായത്തുമായി കരാർചമച്ചതിന്റെ രേഖയില്ല.

3. വാഹനത്തിന് ജി.പി.എസ് . ഘടിപ്പിച്ചിരുന്നോ എന്നതിന് രേഖയില്ല. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, പമ്പ്ഹൗസിലെ ലോഗ്ബുക്കിന്റെ പകർപ്പ് എന്നിവ മാത്രമാണ് ഫയലിലുള്ളത്.

തദ്ദേശ സ്വയംഭരണ (എഫ്.എം)വകുപ്പിന്റെ 02.03.2019 ലെ സ.ഉ. നം(സാധാ) 500/2019 തസ്വ ഭവ പ്രകാരം GPS ഘടിപ്പിച്ച വാഹനങ്ങളിൽ കുടിവെള്ളം ഗുണനിലവാരം ഉറപ്പുവരുത്തി ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് ആവശ്യത്തിനനുസൃതമായി വിതരണം നടത്തേണ്ടതും ചെലവഴിക്കുന്നതുകയുടെ പൂർണ്ണമൂല്യം ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ GPS ലോഗും വാഹനത്തിന്റെ ലോഗ്ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയതിന് ശേഷം തദ്ദേശ സ്വയംഭരമണ സ്ഥാപനത്തിലെ സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടതാണ് എന്നും നിർദ്ദേശമുണ്ട്. ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 29/09.03.2022) മറുപടി ലഭിച്ചില്ല

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 110952/ രൂപയുടെ ചെലവ് തസ്സപ്പെടുത്തുന്നു. കുടിവെള്ള വിതരണത്തിനായി സമർപ്പിക്കപ്പെട്ട ക്വട്ടേഷനുകൾ, വിതരണം സംബന്ധിച്ച കരാർ, ജലവിതരണം സംബന്ധിച്ച

സാക്ഷ്യപത്രം, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 കുടുംബശ്രീ നാട്ടുചന്ത - പദ്ധതി നടപ്പിലാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ. | കുടുംബശ്രീ നാട്ടുചന്ത- പ്രോജക്ട് നം. S0221/20) |
| അടങ്കൽ | 75000 (തനതുഫണ്ട്.) |
| ചെലവ്.<br>ചെക്ക് നമ്പർ XY 2856315/19-20 /24.03.20 | 75000 |
| നിർവ്വഹണം. | അസി.സെക്രട്ടറി. |

കുടുബശ്രീയുടെ ആഭിമുഖ്യത്തിൽ നാട്ടുചന്ത നടത്തുന്നതിലേയ്ക്കായി തനതുഫണ്ടിൽ നിന്നും 75000 രൂപ പിൻവലിച്ച് സി.ഡി.എസ് ന്റെ 40635101024441നം. അക്കൗണ്ടിലേയ്ക്ക് 30.03.20 ൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച് യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.31/19-20/9.3.22 ന് ഹാജരാക്കിയ മറുപടിയിൽ ടി. പദ്ധതി നടപ്പിലാക്കിയിട്ടില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 19-20 തുക പിൻവലിക്കുകയും നാളിതുവരേയും പദ്ധതി നടപ്പിലാക്കിയിട്ടുമില്ലാത്ത സാഹചര്യത്തിൽ ടി പദ്ധതിക്കായി തനതുഫണ്ടിൽ നിന്നും പിൻവലിച്ച് സി.ഡി.എസ് ന്റെ 40635101024441നം. അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ച 75000 രൂപ പഞ്ചായത്ത് തനതുഫണ്ടിലേയ്ക്ക് തിരികെ ഒടുക്കി ആയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-24 വെള്ളക്കരമിനത്തിൽ അധികം നൽകിയ തുകയുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ. | വെള്ളക്കരം ഒടുക്കൽ (പ്രോജക്ട് നം. S0003/20) |
| അടങ്കൽ | 817000 (Own Fund)<br>1787000( MF-N-road) |
| ചെലവ്. | 762313 ((Own Fund)<br>1787000( MF-N-road) |
| നിർവ്വഹണം. | സെക്രട്ടറി. |

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിട്ടിക്ക് മെയിന്റനൻസ് ഫണ്ട്(റോഡിതരം), തനതുഫണ്ട് എന്നിവയിൽ നിന്നും തൻവർഷം ആകെ 2549313 രൂപ നൽകിയിട്ടുണ്ട്. ഇതിൽ 2019 ഡിസംബർ മാസം വരെ ഒരു ടാപ്പിന് 437.5 രൂപ നിരക്കിൽ ആകെ 496 ടാപ്പുകൾക്ക് പ്രതിമാസം 217000 രൂപ വീതമാണ് ഒടുക്കിയിട്ടുള്ളത്. വെള്ളക്കരം ഒടുക്കു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.4/28.02.22) ലഭ്യമാക്കിയ മറുപടി പ്രകാരം 2018-19 സാമ്പത്തികവർഷം വാട്ടർ അതോറിട്ടിയുമായി ചേർന്ന് പഞ്ചായത്ത് സംയുക്ത പരിശോധന നടത്തി, യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം 455 ആണെന്ന് ബോധ്യപ്പെട്ടതു സംബന്ധിച്ച് 13.11.19 ൽ ഒപ്പിട്ട റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. ഇപ്രകാരം സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം ബോധ്യപ്പെട്ടതിനു ശേഷവും 41 പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്ക് 2019 നവംബർ , ഡിസംബർ മാസങ്ങളിൽ 17938 രൂപ വീതം അധികമായി വാട്ടർ അതോറിട്ടിക്കു നൽകിയിട്ടുണ്ട്. ടി. വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.4/19-20) മറുപടിയായി ഉപയോഗത്തിലില്ലാത്ത 41 ടാപ്പുകളുടെ വെള്ളക്കരം ഒടുക്കിയിട്ടുണ്ടെന്നും ടി. തുക തിരികെ ഒടുക്കുകയോ തുടർന്നുള്ള ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്തു നൽകുകയോ ചെയ്യുന്നതിന് വാട്ടർ അതോറിട്ടിക്ക് കത്തു നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം 455 ആണെന്ന് റിപ്പോർട്ട് ലഭിച്ചതിനു ശേഷം വാട്ടർ അതോറിട്ടിക്ക് 2019 നവംബർ , ഡിസംബർ മാസങ്ങളിൽ ആകെ അധികമായി നൽകിയ 35876 രൂപ വെള്ളക്കരം കുടിശ്ശികയിനത്തിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്യുകയോ തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി. തുകയുടെ ചെലവ് സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 1-25 സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ-രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട തുകകളുടെ ചെലവു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി. | ബിൽനം/തീയതി// ചെക്ക് നമ്പർ-തീയതി. | തുക | ഹാജരാക്കാത്ത രേഖകൾ. |
|---|---|---|---|
| ഐ.കെ.എം വിഹിതം | 12/19-20/5.07.19 | 50000 | തുകയുടെ വിനിയോഗസാക്ഷ്യപത്രം. |

| | | | |
|---|---|---|---|
| എസ്.എസ്.എ.വിഹിതം | 1619-20/26.07.19 | 600000 | കൈപ്പറ്റരസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ. |
| പെർഫോമൻസ് യൂണിറ്റ് പഞ്ചായത്ത് വിഹിതം | 5/19-20/16.04.19 | 30000 | കൈപ്പറ്റരസീത് . |
| എസ്.എസ്.എ. അധികവിഹിതം | ചെക്ക് നം.XY2856317/28.03.20 | 100000 | കൈപ്പറ്റരസീത് ,വിനിയോഗസാക്ഷ്യപത്രം എന്നിവ. |
| ആകെ | | 780000 | |

ടി. വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 17/19-20) ലഭ്യമാക്കിയ മറുപടി പൂർണ്ണമല്ല. ആയതിനാൽ മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതുവരെ ടി പ്രവൃത്തികൾക്കായി നടത്തിയ 780000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങലും പുതിയത് സ്ഥാപിക്കലും. (പ്രോജക്ട് നം. S0114/20)-രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ. | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങലും പുതിയത് സ്ഥാപിക്കലും. (പ്രോജക്ട് നം. S0114/20) |
| അടങ്കൽ | 378079 (CFC) |
| ചെലവ്. | 146000(ബിൽ നം/തീയതി-9/19-20 /14.06.19) |
| നിർവ്വഹണം. | സെക്രട്ടറി. |

പദ്ധതി പ്രകാരം തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ, പുതിയത് സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അഹമ്മദുൽ കബീർ എന്ന വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് 146000 രൂപ ഒടുക്കിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട കരാർ രേഖകൾ, ടെണ്ടർരേഖകൾ, ഇവ വാങ്ങിയതിന്റേയും മാറ്റി സ്ഥാപിച്ചതിന്റേയും വിശദാംശങ്ങൾ, പ്രവൃത്തിയുടെ പൂർത്തീകരണസാക്ഷ്യപത്രം, ബന്ധപ്പെട്ട വാർഡുമെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/19-20) തെരുവുവിളക്കുകൾ സ്ഥാപിച്ചു എന്നു സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട് .അതോടൊപ്പം , തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന പഞ്ചായത്തു പ്രസിഡന്റിന്റെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. എങ്കിലും പരിശോധനയ്ക്ക് ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിനിർവ്വഹണം സുതാര്യമായും മാർഗ്ഗരേഖകൾക്ക് അനുസൃതമായും നടന്നിട്ടുണ്ട് എന്നുറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ടി പ്രവൃത്തിക്കായി നടത്തിയ 146000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ഗതാഗത തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ.(പ്രോജക്ട് നം. S0121/20)-തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ. | ഗതാഗത തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ. (പ്രോജക്ട് നം. S0121/20) |
| അടങ്കൽ | 150000 (തനതുഫണ്ട്.) |
| ചെലവ്. 1.ചെക്ക് നം.XY2856312/12.03.20 | 31904. |
| 2.ചെക്ക് നം. 064271/23.12.19 | 91450 |
| നിർവ്വഹണം. | സെക്രട്ടറി. |

പഞ്ചായത്തു പരിധിയിൽ ഗതാഗതതടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്കായി മേൽ സൂചിപ്പിച്ച പ്രകാരം ആകെ 123354 രൂപ കെ.എസ്.ഇ.ബി, ഹരിപ്പാട് ഇലക്ട്രിക്കൽ സെക്ഷനിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ടി. പ്രവൃത്തി സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി ചമച്ച കരാർ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ടി. തുകയുടെ വിനിയോഗസാക്ഷ്യപത്രം, പ്രവൃത്തിയുടെ പൂർത്തീകരണസാക്ഷ്യപത്രം, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 10) , ടി. രേഖകൾ ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ പദ്ധതിക്കായി നടത്തിയിട്ടുള്ള ആകെ 123354 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 വിശപ്പുരഹിതകുമാരപുരം(സ്നേഹസാക്ഷ്യം) പ്രോജക്ട് നം. S0042/20)-പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ. | വിശപ്പുരഹിതകുമാരപുരം(സ്നേഹസാക്ഷ്യം) പ്രോജക്ട് നം. S0042/20) |
| അടങ്കൽ | 230000 (വികസനഫണ്ട്. ജനറൽ) |
| ചെലവ്. (8 ബില്ലുകൾ പ്രകാരം) | 230000 |
| നിർവ്വഹണം. | അസി. സെക്രട്ടറി. |

വിശപ്പ് രഹിതകുമാരപുരം പദ്ധതി നടത്തിപ്പിനായി മേൽ സൂചിപ്പിച്ച പ്രകാരം വികസനഫണ്ടിൽ നിന്നും 230000രൂപ ചെലവ് ചെയ്തിട്ടുണ്ട്.

പദ്ധതി പ്രകാരം ഭക്ഷണം പാകം ചെയ്യുന്നതിന് ശേഷിയില്ലാത്ത 75 വ്യക്തികൾക്കാണ് ദിവസേന ഭക്ഷണം പാകം ചെയ്ത് നൽകിയിരിക്കുന്നത്. ടി പദ്ധതിയുടെ ഗുണഭോക്താക്കളിൽ 22 പേർക്ക് അഗതിആശ്രയഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യകിറ്റുകളും നൽകിയിട്ടുണ്ട്. സ.ഉ.(കൈ) നം.22/2018/ ത.സ്വ.ഭ.വ14-02-2018 ഖ. 4.1.1 പ്രകാരം ഭക്ഷണം പാകം ചെയ്യുന്നതിന് ശേഷിയില്ലാത്ത വ്യക്തികളെ, അഗതിആശ്രയ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്. അതിനായി എ.ഡി.എസ്, അംഗനവാടി, സന്നദ്ധ സംഘടനകൾ എന്നിവയെ ഏൽപ്പിക്കാവുന്നതും ഒരു വ്യക്തിക്ക് പരമാവധി 60 രൂപ വീതം ചെലവഴിക്കാവുന്നതുമാണ്. എന്നാൽ വിശപ്പ് രഹിത കുമാരപുരം പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച 75 വ്യക്തികളിൽ 53 വ്യക്തികളെ അഗതിആശ്രയഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭക്ഷണം പാകം ചെയ്യാൻ പോലും സാധിക്കാത്ത വ്യക്തികളെ സ്ഥിരമായി നിർവ്വഹണം നടത്തിവരുന്ന അഗതിആശ്രയ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി അർഹമായ ആനുകൂല്യം നൽകിയിട്ടില്ല.

കൂടാതെ, പദ്ധതി പ്രകാരം ഓരോ വാർഡിലേയും ഗുണഭോക്താക്കൾ ഭക്ഷണം കൈപ്പറ്റിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട വാർഡ് മെമ്പറോ, മോണിട്ടറിംഗ് ഗ്രൂപ്പോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി. നം. 25 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി തൃപ്തികരമായി നടത്തിയിട്ടുള്ളതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗത്തിൽ ഉൾപ്പെട്ട ടി. വ്യക്തികളെ അഗതിആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി അർഹമായ ആനുകൂല്യം നൽകാതെയിരിക്കുന്നതിന് കാരണം വിശദമാക്കിയിട്ടില്ല. ടി പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള എല്ലാ ഗുണഭോക്താക്കളേയും അഗതിആശ്രയ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന നിർദ്ദേശപ്രകാരം ആവശ്യമായ ആനുകൂല്യങ്ങൾ നല്കേണ്ടതാണ്. ഇപ്രകാരം ആനുകൂല്യം നൽകുന്ന പക്ഷം വൻതുകകൾ വീണ്ടും ചെലവഴിച്ച് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നത് ഒഴിവാക്കാവുന്നതാണ്.

## 1-29 ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾ

ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ആദ്യഗഡു കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ഭവനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്,വിലാസം | നൽകിയ തുക/തീയതി | റിമാർക്സ് |
|---|---|---|---|
| 1 | ജയമോൾ ഗോപാലകൃഷ്ണൻ, ഗോകുലം, വാർഡ്-1 | 40000/10.10.2018 | ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല |
| 2 | ഗീത രഘു, കുന്നേൽ, വാർഡ്-1 | 40000/11.02.2019 | |
| 3 | ഷീല,ചിത്രഭവനം ,വാർഡ്-8 | 40000/30.03.2019 | |
| 4 | സുലോചന/ഷിബു,ചൈതന്യവാർഡ്-15 | 40000/18.06.2020 | |
| 5 | രാധ, കൊച്ചുപറമ്പിൽ, വാർഡ്-2 | 4000028.09.2018 | |
| 6 | കമലാസനൻ മേനക,കൊച്ചുപറമ്പിൽ,വാർഡ്-15 | 40000/06.01.2020 | |

പ്രസ്തുത ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ തുടരാൻ താല്പര്യം ഇല്ലാത്തപക്ഷം തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി (നം.15/04.03.2022)

## 1-30 പി.എച്ച്.സി.കെട്ടിടത്തിന്റെ ഒന്നാം നില വയറിംഗ്- രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ. | പി.എച്ച് സി. കെട്ടിടത്തിന്റെ ഒന്നാം |

| | |
|---|---|
| | നില വയറിംഗ് (പ്രോജക്റ്റ് നം. S0168/20) |
| അടങ്കൽ | 100000( MF-N-road) |
| ചെലവ്. ബിൽ നം.55/19-20 /13.03.20 | 100000( MF-N-road) |
| നിർവ്വഹണം. | സെക്രട്ടറി. |

പി.എച്ച്. സി. കെട്ടിടത്തിന്റെ ഒന്നാം നില വയറിംഗ് പദ്ധതിക്കായി മേൽ സൂചിപ്പിച്ച പ്രകാരം തുക പിൻവലിച്ച് PWD ഇല. സബ് ഡിവിഷനിൽ 24.03.20 ൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ അസി. എക്സി. എൻജിനീയർ, PWD യുടെ 8.10.20 ലെ EST- 2019/3756 നം. കത്തു പ്രകാരം ടി തുക ലഭിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതു സംബന്ധിച്ച് 21.10.20 ൽ പഞ്ചായത്തിൽ നിന്നും ഹരിപ്പാട് സബ് ട്രഷറി ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികളുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ടി തുക PWD യിൽ ലഭിച്ചിട്ടുണ്ടോ എന്നുറപ്പാക്കുന്നതിനും തുകയുടെ വിനിയോഗസർട്ടിഫിക്കറ്റ്, പ്രവൃത്തിപൂർത്തീകരണസർട്ടിഫിക്കറ്റ് , ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ( നം.7/19-20) ഹാജരാക്കിയ മറുപടിയിൽ ടി. രേഖകൾ പിന്നീട് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുതരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ മേൽ സൂചിപ്പിച്ച പ്രവൃത്തിക്കായി നടത്തിയ 100000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised As Per G.O.(P)No.13/2012/PWD Dated 01.02.2012) സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച് മൂലം മരാമത്ത് പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ കരാറുടമ്പടിയിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഫൈൻ ഈടാക്കി കൊണ്ട് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നല്കാമെന്ന് പറഞ്ഞിരിക്കുന്നു. കുമാരപുരം ഗ്രാമ പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട് കരാറുകാരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളിലെ ഖണ്ഡിക 7-ൽ "മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമെ കാലാവധി നീട്ടി കൊടുക്കുകയുള്ളൂ" എന്ന് സമ്മതിച്ച് ഇരു കക്ഷികളും ഒപ്പു വച്ചിട്ടുണ്ട്. (2012-ലെ പരിഷ്കരിച്ച പൊതുമരാമത്ത് മാനുവലിൽ നിഷ്കർഷിച്ചിട്ടുള്ള ഫൈൻ സംബന്ധമായ വ്യവസ്ഥകളല്ല കരാറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്). എന്നാൽ അനുവദിക്കപ്പെട്ട സമയത്തിനകം പ്രവർത്തി പൂർത്തികരിക്കാതിരുന്ന താഴെപ്പറയുന്ന കരാറുകാർ പൂർത്തീകരണ കാലാവധി നീട്ടി ലഭിക്കുന്നതിന് അപേക്ഷിച്ചതായി കാണുന്നില്ല. ടിയാനിൽ നിന്നും എഗ്രിമെന്റിലെ വ്യവസ്ഥകൾക്കനുസൃതമായി പിഴ ഈടാക്കിയതായും കാണുന്നില്ല.

| | |
|---|---|
| 1.പ്രോജക്റ്റ് നം. | : 158/2020 |
| പ്രോജക്റ്റിന്റെ പേര് | : പി.എച്ച്.സി നവീകരണം |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : സോമനാഥ പണിക്കർ |
| പി.എ.സി | : 1057391.76 രൂപ |
| ചെലവ് | : 426398/- ട്രഷറിബിൽ നം.12 തീ.14.08.2019 |
| എം.ബുക്ക് നം | : 28/18-19 |
| എഗ്രിമെന്റ് നം. | : *27/AE/LSGD/18-19തീ. 13.01.2019* |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : 13.01.2019 |
| പൂർത്തികരണ കാലാവധി | : 7 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : 12.08.2019 |
| പൂർത്തീകരിച്ച തീയതി | : 02.09.2019 (എം.ബുക്ക് പേജ് നം.56) |
| കാല താമസം | : 21 ദിവസം |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (1%) | : 1057391.76x1%= 10574/-രൂപ |

| | |
|---|---|
| 2.പ്രോജക്റ്റ് നം. | : 138/2020 |
| പ്രോജക്റ്റിന്റെ പേര് | : ചാമ്മേത്തു കെ.വി.ജെട്ടി റോഡ്-വാർഡ്-3 |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : കെ.രാജൻ |

| | |
|---|---|
| പി.എ.സി | : 399333/- രൂപ |
| ചെലവ് | : 399333/- രൂപ<br>ട്രഷറിബിൽ നം.18 തീ.13.03.2020 |
| എം.ബുക്ക് നം | : 18/18-19 |
| എഗ്രിമെന്റ് നം. | : *8/AE/LSGD/18-19തീ. 14.11.2018* |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : 14.11.2018 |
| പൂർത്തികരണ കാലാവധി | : 7 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : 13.06.2019 |
| പൂർത്തീകരിച്ച തീയതി | : 31.08.2019 (എം.ബുക്ക് പേജ് നം.11) |
| കാല താമസം | 78 ദിവസം |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (1%) | : 399333x1%= 3993/-രൂപ |

| | |
|---|---|
| 3.പ്രോജക്ട് നം. | : 160/2020 |
| പ്രോജക്ടിന്റെ പേര് | : പുതുപ്പുരക്കൽ മങ്ങാട്ട് റോഡിൽ ഓട നിർമാണം വാർഡ്-11 |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : ബാബു ഗോപാലൻ |
| പി.എ.സി | : 423940/- രൂപ (9.8% ടെണ്ടർ ബിലോ) |
| ചെലവ് | : 419901/- രൂപ<br>ട്രഷറിബിൽ നം.10 തീ.27.07.2019 |
| എം.ബുക്ക് നം | : 20/18-19 |
| എഗ്രിമെന്റ് നം. | : *25/AE/LSGD/18-19തീ. 14.11.2018* |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : 14.11.2018 |
| പൂർത്തികരണ കാലാവധി | : 3 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : 13.02.2019 |
| പൂർത്തീകരിച്ച തീയതി | : 12.06.2019 (എം.ബുക്ക് പേജ് നം.12) |
| കാല താമസം | 4 മാസം |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (ആദ്യ മൂന്ന് മാസം1%, അടുത്ത ഒരു മാസം 2%- ആകെ 3%) | : 423940x3%= 12718/-രൂപ |

*ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.1 തീ.28.02.2022) നഷ്ടമായ തുക ഈടാക്കുന്നതിന് കരാറുകാർക്ക് നോട്ടീസ് നല്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക കരാറുകാരിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.*

## 1-32 പി.എച്ച്.സി നവീകരണം- കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | : 158/2020 |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : സോമനാഥ പണിക്കർ |
| എഗ്രിമെന്റ് നം. | : 27/AE/LSGD/18-19തീ. 13.01.2019 |
| അടങ്കൽ: ധനകാര്യ കമ്മീഷൻ ഗ്രാന്റ് | : 957392/- രൂപ |
| ചെലവ് | : 426398/-<br>ട്രഷറിബിൽ നം.12 തീ.14.08.2019 |
| എം.ബുക്ക് നം | : 28/18-19 |

ഈ പദ്ധതിയുടെ ഇനം.1 ആയി ചെയ്തിരിക്കുന്ന പ്രവർത്തി എർത്ത് വർക്ക് എസ്കവേഷൻ ആണ്. അളവ് പുസ്തകം പേജ് നം.6(എം.ബുക്ക് നം.28/18-19) പ്രകാരം 31.01.2019-ൽ നിർവഹിച്ച ഈ പ്രവർത്തിയിൽ നിന്നും 4.9എം3 മണ്ണ് ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച മണ്ണിന്റെ ഉപയോഗ യോഗ്യതയെ സംബന്ധിച്ച സാക്ഷ്യപത്രം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. എസ്കവേറ്റ് ചെയ്തെടുത്ത മണ്ണ് ഉപയോഗയോഗ്യമല്ലായെന്ന് സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ ഈ പദ്ധതിയുടെ ഇനം.5 (എം.ബുക്ക് നം. 28/18-19 പേജ് നം.10) ആയി ചെയ്ത ഫില്ലിംഗിന്റെ അളവിൽ നിന്നും

എസ്കവേറ്റ് ചെയ്ത് ലഭിച്ച മണ്ണിന്റെ അളവ് കുറവ് ചെയ്യേണ്ടതായിരുന്നു. എസ്കവേറ്റ് ചെയ്ത് ലഭിച്ച മണ്ണിന്റെ അളവ് കുറവ് ചെയ്യാതിരുന്നതു മൂലം താഴെപ്പറയും പ്രകാരമുള്ള അധികച്ചെലവുണ്ടായിട്ടുണ്ട്.

ഇനം 5 ആയി ചെയ്ത ഫില്ലിംഗിന്റെ അളവ് - 5.27എം3

ഇനം.1 ചെയ്തപ്പോൾ ലഭിച്ച മണ്ണിന്റെ അളവ് - 4.9 എം3

ഫില്ലിംഗിന് അനുവദനീയമായ അളവ് - 0.37 എം3

ഫില്ലിംഗിന് അനുവദിച്ച തുക (5.27x1350) -7114.5 രൂ

ഫില്ലിംഗിന് അനുവദനീയമായ തുക (0.37x1350) –499.5 രൂ

അധികം നല്കിയ തുക (7114.5-499.5) -6615/-രൂ

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.2 തീ.28.02.2022) നഷ്ടമായ തുക ഈടാക്കുന്നതിന് കരാറുകാരന് നോട്ടീസ് നല്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-33 ചട്ടങ്ങൾ പാലിക്കാതെ തനത് ഫണ്ടിൽ നിന്ന് ചെലവുകൾ നടത്തി

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ - ചട്ടം 29 (2) പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു ചെലവും ചെയ്യുന്നതിനു മുൻപ് , ചെലവ് ചെയ്യാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഒരു ബിൽ തയ്യാറാക്കേണ്ടതും പണം ലഭിക്കാനുള്ള വ്യക്തിയുടെ ക്ലെയിമും ബന്ധപ്പെട്ടരേഖകളും അതോടൊപ്പം കൂട്ടിച്ചേർക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ആദ്യം ചെലവ് ചെയ്യുകയും ദിവസങ്ങൾക്ക് ശേഷം ബിൽ തയ്യാറാക്കുകയുമാണ് ചെയ്യുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം./തീയതി | തുക പിൻവലിച്ച തീയതി | വൗച്ചർനം./തീയതി | തുക/ഇനം |
|---|---|---|---|
| 61486/07.09.2019 | 09.09.2019 | 21900362/30.09.2019 | 70000/- ഫെസിലിറ്റേറ്റേഴ്സ് ഹോണറേറിയം |
| 61488/07.09.2019 | 07.09.2019 | 21900363/30.09.2019 | 22500/-വേജസ്- ഡേറ്റാഎൻട്രി /റീബിൽഡ് കേരള |
| 57536/2/9/19 | 3/9/19 | 21900332-21900334/28.09.2019- | 322931/-എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ |
| 61494/7/9/19 | 9/9/19 | 21900372-21900373/30/9/19 | 32900/-കെ. എം ടെക്നോളജീസ് |
| 61496/18/9/2019 | 18/9/2019 | 21900375-21900376/30/9/19 | 25000/-സർവൈലൻസ് ഓഡിറ്റ് ഫീ |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.32/10.03.2022) മറുപടി ലഭിച്ചില്ല.

ചെലവുകൾ ചട്ടങ്ങൾ പാലിച്ച് മാത്രം നടത്തുന്നതിന് ശ്രദ്ധക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു

## 1-34 ഓഡിറ്റ് ഇംപാക്ട്- കോൺട്രാക്ടർക്ക് അനുവദിച്ച അധിക തുക തിരികെ ഒടുക്കി.

കുമാരപുരം ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ എം ബുക്ക് പരിശോധിച്ചതിൽ ആകെ വേലമൂല്യം എഗ്രീഡ് പി.എ.സി-യില് നിജപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയതെന്ന് (എം.ബുക്ക് നം.30/18-19 പേജ് നം.41) കാണുന്നു. എന്നാൽ ബിൽ തുക നല്കി വന്നപ്പോൾ അധിക തുക നല്കിയതു മൂലം 556- രൂപ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു. അധികമായി നല്കിയ തുക തിരികെ ഒടുക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.3 തീ.28.02.2022) നല്കി. തുടർന്ന് തുക 02.03.2022-ലെ 1210102814/G040903 നമ്പർ രസീപ്റ്റ് പ്രകാരം തനത് ഫണ്ടിലേക്ക് തിരിച്ചടച്ചു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കിഴങ്ങ് വർഗ കൃഷി കിറ്റ് വിതരണം- ഗുണഭോക്താക്കൾ കൈപ്പറ്റിയതിനു രേഖകളില്ല.

പ്രോജക്ട് നം.22

പ്രോജക്ടിന്റെ പേര്: ഇടവിള കൃഷി (വനിത)

അടങ്കൽ-വികസന ഫണ്ട്- 999750/-രൂപ

ചെലവ്- വികസന ഫണ്ട്- 999749/-രൂപ (ട്രഷറി ബിൽ നം.2 തീ.18.01.2020-416562

ട്രഷറി ബിൽ നം.4 തീ.18.01.2020-416562

ട്രഷറി ബിൽ നം.5 തീ.18.01.2020-166625)

ഈ പദ്ധതി പ്രകാരം തൻവർഷം വി.എഫ്.പി.സി.കെ-യിൽ നിന്നും കിറ്റൊന്നിന് 666.50 രൂപ നിരക്കിൽ 1500 കിഴങ്ങ് വർഗ കൃഷി കിറ്റ് വാങ്ങിയതിന്റെ വിലയായി മേൽ ബില്ലുകൾ പ്രകാരം ആകെ 999749/- രൂപ നല്കിയിട്ടുണ്ട്. ആയതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പ്രസ്തുത കിഴങ്ങ് വർഗ കിറ്റ് കൈപ്പറ്റി വിതരണ സ്റ്റേറ്റ്മെന്റിൽ ഒപ്പു വച്ചതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം./ വിതരണ ലിസ്റ്റിലെ ക്രമ നം | കൈപ്പറ്റിയ കിറ്റിന്റെ എണ്ണം |
|---|---|---|---|
| 1 | ലതിയമ്മ, ആറ്റുപുറത്ത് കിഴക്കതിൽ | 1/49 | 1 |
| 2 | ഷീല ആര്യഭവനം | 1/84 | 1 |
| 3 | ശ്രീലത പരപ്പേൽ പുത്തൻവീട് | 1/92 | 1 |
| 4 | ഷീജ കോടന്തറ പടീറ്റതിൽ | 3/17 | 1 |
| 5 | സരസ്വതി പി.എസ്.ഭവനം | 12/100 | 1 |
| 6 | ശ്രീജ പുത്തൻപുരയിൽ | 13/61 | 1 |
| 7 | രഘു കാട്ടിൽ | 13/73 | 1 |
| 8 | സരസമ്മ പുത്തൻകാട്ടിൽ | 14/28 | 1 |
| | ആകെ | | 8 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.13 തീ.04.03.2022) കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടി ഓഡിറ്റന്വേഷണത്തിൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഇടവിള കിറ്റ് കൈപ്പറ്റിയെങ്കിലും വിതരണ സ്റ്റേറ്റ്മെന്റിൽ ഒപ്പിടാതിരുന്നത് ശ്രദ്ധയിൽപ്പെട്ടില്ലായെന്നും, പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും കിറ്റുകൾ കൈപ്പറ്റിയതിന്റെ അക്നോളഡ്ജ്മെന്റ് അടുത്ത ദിവസം തന്നെ വാങ്ങി സൂക്ഷിക്കുന്നതുമാണ് എന്നാണ്. 2020 ജനുവരി മാസം വിതരണം നടത്തിയ ഇടവിളകിറ്റുകളുടെ കൈപ്പറ്റ് രസീത് ഇപ്പോൾ ഒപ്പിട്ടു വാങ്ങി സൂക്ഷിക്കാമെന്ന വാദഗതി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ ഗുണഭോക്താക്കൾ കിഴങ്ങ് വർഗ കിറ്റ് കൈപ്പറ്റിയിട്ടില്ലാത്തതിനാൽ ഇവർക്കായി ചെലവഴിച്ച 5332/-രൂപ (666.50x8) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-2 ഹെഡ് മിസ്ട്രസ്സ് രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്.

കുമാരപുരം ഗ്രാമ പഞ്ചായത്തിൽ ഗവ. എൽ.പി സ്കൂൾ ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷം 14 പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നു. ഇതിൽ 8 പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം/ പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|
| 1. | 55/ സാംസ്കാരിക നിലയത്തിലേയ്ക്ക് പത്രമാസിക- പുസ്തകങ്ങൾ | 39449 | 20/18.03.2020 |

| | | | |
|---|---|---|---|
| | തുടർവിദ്യാ കേന്ദ്രത്തിലേയ്ക്ക് പത്രമാസിക | | |
| 2. | 112/ സാംസ്കാരിക നിലയത്തിലേയ്ക്ക് പത്രമാസിക- പുസ്തകങ്ങൾ തുടർവിദ്യാ കേന്ദ്രത്തിലേയ്ക്ക് പത്രമാസിക (സ്പിൽ ഓവർ) | 18767 | 4/06.06.2019 |

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം ഓഡിറ്റിന് രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ലാ എന്നു കരുതപ്പെടുത്തുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണെന്ന് പറഞ്ഞിരിക്കുന്നു. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ അടിയന്തിരമായി ഓഡിറ്റിനായി ലഭ്യമാക്കിയില്ലായെങ്കിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിയ്ക്കും എന്ന് കാണിച്ച് ഹെഡ് മിസ്ട്രസ്സിന് ഓഡിറ്റ് എൻക്വയറി (നം.21 തീ.08.03.2022)നല്കിയെങ്കിലും രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ഉത്തരവാദിയായ ഹെഡ്മിസ്ട്രസ്സിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നിർവഹിച്ചു

പ്രോജക്ട് നം.223/2020

പ്രോജക്ടിന്റെ പേര്: എസ്.പി.സി കുട്ടികൾക്ക് പോഷകാഹാരം

അടങ്കൽ-തനത് ഫണ്ട്- 70000/-രൂപ

ചെലവ്- തനത് ഫണ്ട്- 70000/-രൂപ (ചെക്ക് നം.2856319 തീ.28.03.2020)

സ്റ്റുഡന്റ് പോലീസ് കേഡറ്റ് കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിരുന്നത്. എന്നാൽ ഈ പദ്ധതി പ്രകാരം കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനു പകരമായി അമിഗോ യുണിസോൺ, നിലമ്പൂർ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും എസ്.പി.സി യൂണിഫോം സെറ്റ് വാങ്ങിയിരിക്കുന്നു. ആവിഷ്കരിച്ച പ്രോജക്ടിൽ നിന്നും വ്യത്യസ്തമായി പ്രോജക്ട് നടപ്പാക്കുന്നതിന് പ്രോജക്ട് റിവൈസ് ചെയ്ത് ജില്ലാ ആസൂത്രണ സമിതിയിൽ സമർപ്പിച്ച് അംഗീകാരം നേടിയതായി കാണുന്നില്ല. കൂടാതെ സർക്കാർ ഉത്തരവ്(കൈ) നം.22/2018/ത.സ്വ.ഭ.വ തീ. 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 5.6 പ്രകാരം പട്ടികജാതി/ പട്ടിക വർഗം സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സ്കൂൾ യൂണിഫോം, സ്പോർട്സ് ജഴ്സി ഒഴികെയുള്ള വസ്തുങ്ങൾക്കും യൂണിഫോമുകൾക്കും സബ്സിഡി നല്കാൻ പാടില്ലായെന്ന പറഞ്ഞിരിക്കുന്നു. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നിർവഹിക്കാനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23.09.03.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(പ്രോജക്ട് ഫയലിൽ അമിഗോ യുണിസോൺ, നിലമ്പൂർ, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ഒരു ബിൽ അല്ലാതെ മറ്റു രേഖകളൊന്നും ഫയലിൽ ഇല്ല.)

## 3-4 വെള്ളക്കരമിനത്തിൽ അധികം നൽകിയ തുകയുടെ ചെലവ് നിരാകരിക്കുന്നു.

| പ്രോജക്ടിന്റെ പേര്/നമ്പർ. | വെള്ളക്കരം ഒടുക്കൽ (പ്രോജക്ട് നം. S0003/20) |
|---|---|
| അടങ്കൽ | 817000 (Own Fund)<br>1787000( MF-N-road) |
| ചെലവ്. | 762313 ((Own Fund)<br>1787000( MF-N-road) |
| നിർവ്വഹണം. | സെക്രട്ടറി. |

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിട്ടിക്ക് മെയിന്റനൻസ് ഫണ്ട്(റോഡിതരം), തനതുഫണ്ട് എന്നിവയിൽ നിന്നും തൻവർഷം ആകെ 2549313 രൂപ നൽകിയിട്ടുണ്ട്. ഇതിൽ 2019 ഡിസംബർ മാസം വരെ ഒരു ടാപ്പിന് 437.5 രൂപ നിരക്കിൽ ആകെ 496 ടാപ്പുകൾക്ക് പ്രതിമാസം 217000 രൂപ വീതമാണ് ഒടുക്കിയിട്ടുള്ളത്. വെള്ളക്കരം ഒടുക്കു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.4/28.02.22) ലഭ്യമാക്കിയ മറുപടി പ്രകാരം 2018-19 സാമ്പത്തികവർഷം വാട്ടർ അതോറിട്ടിയുമായി ചേർന്ന് പഞ്ചായത്ത് സംയുക്ത പരിശോധന നടത്തി, യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം 455 ആണെന്ന് ബോധ്യപ്പെട്ടതു സംബന്ധിച്ച് 13.11.19 ൽ ഒപ്പിട്ട റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. ഇപ്രകാരം സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം ബോധ്യപ്പെട്ടതിനു ശേഷവും 41 പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്ക് 2019 നവംബർ , ഡിസംബർ മാസങ്ങളിൽ 17938 രൂപ വീതം അധികമായി വാട്ടർ അതോറിട്ടിക്കു നൽകിയിട്ടുണ്ട്. ടി. വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.4/19-20) മറുപടിയായി ഉപയോഗത്തിലില്ലാത്ത 41 ടാപ്പുകളുടെ വെള്ളക്കരം ഒടുക്കിയിട്ടുണ്ടെന്നും ടി. തുക തിരികെ ഒടുക്കുകയോ തുടർന്നുള്ള ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്തു നൽകുകയോ ചെയ്യുന്നതിന് വാട്ടർ അതോറിട്ടിക്ക് കത്തു നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം 455 ആണെന്ന് റിപ്പോർട്ട് ലഭിച്ചതിനു ശേഷം വാട്ടർ അതോറിട്ടിക്ക് 2019 നവംബർ , ഡിസംബർ മാസങ്ങളിൽ ആകെ അധികമായി നൽകിയ 35876 രൂപ വെള്ളക്കരം കുടിശ്ശികയിനത്തിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്യുകയോ തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി. തുകയുടെ ചെലവ് സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 3-5 പി.എച്ച്.സി നവീകരണം- കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | : 158/2020 |
| നിർവ്വഹണം | : അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : സോമനാഥ പണിക്കർ |
| എഗ്രിമെന്റ് നം. | : 27/AE/LSGD/18-19തീ. 13.01.2019 |
| അടങ്കൽ: ധനകാര്യ കമ്മീഷൻ ഗ്രാന്റ് | : 957392/- രൂപ |
| ചെലവ് | : 426398/- ട്രഷറിബിൽ നം.12 തീ.14.08.2019 |
| എം.ബുക്ക് നം | : 28/18-19 |

ഈ പദ്ധതിയുടെ ഇനം.1 ആയി ചെയ്തിരിക്കുന്ന പ്രവർത്തി എർത്ത് വർക്ക് എസ്കവേഷൻ ആണ്. അളവ് പുസ്തകം പേജ് നം.6(എം.ബുക്ക് നം.28/18-19) പ്രകാരം 31.01.2019-ൽ നിർവഹിച്ച ഈ പ്രവർത്തിയിൽ നിന്നും 4.9എം3 മണ്ണ് ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച മണ്ണിന്റെ ഉപയോഗ യോഗ്യതയെ സംബന്ധിച്ച സാക്ഷ്യപത്രം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. എസ്കവേറ്റ് ചെയ്തെടുത്ത മണ്ണ് ഉപയോഗയോഗ്യമല്ലായെന്ന് സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ ഈ പദ്ധതിയുടെ ഇനം.5 (എം.ബുക്ക് നം. 28/18-19 പേജ് നം.10) ആയി ചെയ്ത ഫില്ലിംഗിന്റെ അളവിൽ നിന്നും എസ്കവേറ്റ് ചെയ്ത് ലഭിച്ച മണ്ണിന്റെ അളവ് കുറവ് ചെയ്യേണ്ടതായിരുന്നു. എസ്കവേറ്റ് ചെയ്ത് ലഭിച്ച മണ്ണിന്റെ അളവ് കുറവ് ചെയ്യാതിരുന്നതു മൂലം താഴെപ്പറയും പ്രകാരമുള്ള അധികച്ചെലവുണ്ടായിട്ടുണ്ട്.

ഇനം 5 ആയി ചെയ്ത ഫില്ലിംഗിന്റെ അളവ് - 5.27എം3

ഇനം.1 ചെയ്തപ്പോൾ ലഭിച്ച മണ്ണിന്റെ അളവ് - 4.9 എം3

ഫില്ലിംഗിന് അനുവദനീയമായ അളവ് - 0.37 എം3

ഫില്ലിംഗിന് അനുവദിച്ച തുക (5.27x1350) -7114.5 രൂ

ഫില്ലിംഗിന് അനുവദനീയമായ തുക (0.37x1350) –499.5 രൂ

അധികം നല്കിയ തുക (7114.5-499.5) -6615/-രൂ

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.2 തീ.28.02.2022) നഷ്ടമായ തുക ഈടാക്കുന്നതിന് കരാറുകാരന് നോട്ടീസ് നല്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ കഴിയാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 255000 | പാലിയേറ്റീവ് പരിചരണം | 255000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3000000 | ലൈഫ് ഭവന പദ്ധതി | 3000000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 82400 | ലൈഫ് ഭവന പദ്ധതി | 82400 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 125000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | പാലിന് സബ്സിഡി | 250000 | |
| | | | | | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 14850000 | ലൈഫ് ഭവന പദ്ധതി | 14850000 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 101532 | അനുപൂരക പോഷകാഹാരം | 100000 | 1532 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 125000 | ശാരീരിക മാനസിക | 125000 | |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./ തീ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് | ഗതാഗത തടസ്സമായി നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21900592 തീ.18.12.2019 | 91450 | -- | 91450 |
| കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് | ഗതാഗത തടസ്സമായി നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21900801 തീ.27.03.2020 | 31904 | -- | 31904 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ 23920000/-രൂപ വരവുണ്ട്. തൻവർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| HUDCO | G.O(MS)No.2278/LSGD Dtd 18.08.2018 | 23920000 | 33812008 | 4249655 | 0 | 53482353 | - |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13383/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-10-ൽ ഓഡിറ്റ് റിക്കവറിയിനത്തിൽ വരവ് രേഖപ്പെടുത്തിയിരിട്ടില്ല.)

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീപ്റ്റ് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-1 | 6076 | സുശീല, പാർട്ട് ടൈം സ്വീപ്പർ | 1210101353/10.11.2021 |
| | 3-1 | 7307 | വിജയൻ, ലൈബ്രേറിയൻ | 1210101162/22.10.2021 |
| | ആകെ | 13383 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3-33 | 2001-02 | | മണ്ഡരി നിവാരണവും തെങ്ങുകൾക്ക് മരുന്ന് തളിയും | കേരള സ്റ്റേറ്റ് ഓഡിറ്റിന്റെ പരിശോധന പ്രകാരം പരാമർശം ഒഴിവാക്കാൻ നിയമസഭാ സമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| 2004-2005 | 3.4 | 2007-2008 | 3.27.1 | എസ്റ്റിമേറ്റ് തിരുത്തൽ | റിപ്പോർട്ട് സമർപ്പിച്ച |
| 2015-2016 | 2.1 | 2016-2017 | | തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | റിപ്പോർട്ട് സമർപ്പിച്ച |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 104970246 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 98771372 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 176039 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2522146 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5332 | ബെറ്റി വർഗീസ്, കൃഷി ഓഫീസർ |
| 3-2 | | 58216 | ശ്രീമതി.ഗിരിജ.എൻ.മാധവ്, ഹെഡ്മിസ്ട്രസ് |
| 3-3 | | 70000 | ശ്രീമതി.ഗിരിജ.എൻ.മാധവ്, ഹെഡ്മിസ്ട്രസ് |
| 3-4 | | 17938 | ശ്രീ.രഘുലാൽ, സെക്രട്ടറി |
| 3-4 | | 17938 | ശ്രീമതി.ശുഭാദേവി.എസ്,സെക്രട്ടറി |
| 3-5 | | 6615 | ശ്രീമതി.വിജി,അസി.എഞ്ചിനീയർ |
| ആകെ | | 176039 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 729190 | ശ്രീമതി.ഗിരിജ.എൻ.മാധവ്, ഹെഡ്മിസ്ട്രസ് |
| 1-20 | 145150 | ശ്രീമതി.ഗിരിജ.എൻ.മാധവ്, ഹെഡ്മിസ്ട്രസ് |
| 1-21 | 312500 | ഡോ.സി.എസ്.ഷൈജു, വെറ്ററിനറി സർജൻ |
| 1-22 | 110952 | ശ്രീ.രഘുലാൽ, സെക്രട്ടറി |
| 1-23 | 75000 | സിന്ധു ഈശ്വരൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 780000 | ശ്രീ.രഘുലാൽ, സെക്രട്ടറി |
| 1-26 | 146000 | ശ്രീ.രഘുലാൽ, സെക്രട്ടറി |
| 1-27 | 123354 | ശ്രീ.രഘുലാൽ, സെക്രട്ടറി |
| 1-30 | 100000 | ശ്രീ.രഘുലാൽ, സെക്രട്ടറി |
| ആകെ | 2522146 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രഘുലാൽ, സെക്രട്ടറി | സെക്രട്ടറി, കുമാരപുരം ഗ്രാമപഞ്ചായത്ത് | ശാസ്താമ്പറമ്പിൽ, കിഴക്കേകര വടക്ക്, വലിയപറമ്പ് പി.ഒ, തൃക്കുന്നപ്പുഴ |
| സിന്ധു ഈശ്വർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കുമാരപുരംഗ്രാമപഞ്ചായത്ത് | പാലക്കോട്ടില്ലം, കീരിക്കാട് തെക്ക്, കായംകുളം പി.ഒ.690502 |
| ഡോ.സിജി, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) കുമാരപുരം ഗ്രാമപഞ്ചായത്ത് | മംഗലപ്പള്ളി വടക്കതിൽ, വെട്ടുവേലി, ഹരിപ്പാട് |
| ശ്രീമതി.ബെറ്റി വർഗ്ഗീസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കുമാരപുരം ഗ്രാമപഞ്ചായത്ത് | കോട്ടയടിയിൽ പുത്തൻവീട്, പലാരിമംഗലം, മാവേലിക്കര |
| ഡോ.അരുണാരാജ്, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) കുമാരപുരം ഗ്രാമപഞ്ചായത്ത് | ലതികാ ഹൗസ്.നം.885 എം.ഒ.വാർഡ് പാലസ് റോഡ്, ആലപ്പുഴ |
| ഡോ.സി.എസ്.ഷൈജു, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കുമാരപുരം ഗ്രാമപഞ്ചായത്ത് | ചൂരക്കുഴിയിൽ വീട്, നങ്ങ്യാർകുളങ്ങര.പി.ഒ, ഹരിപ്പാട് |
| ശ്രീമതി.ഗിരിജ.എൻ.മാധവ്, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, കുമാരപുരം ഗ്രാമപഞ്ചായത്ത് | ലാളുത്തുതാഴത്തേൽ, തിരുവഞ്ചൂർ പി.ഒ, കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06വരെ | എൽ.എഫ്.ജി.എ5-1832/2011/12.02.12 |
| 2006-07 മുതൽ 2009-10വരെ | എൽ.എഫ്.ജി.എ5-1577/13/12.05.14 |
| 2010-11, 2011-12 | എൽ.എഫ്.എ.പി13-48/13/07.02.13/10.04/13 |
| 2012-13 | എൽ.എഫ്.എ.പി11-79/15/26.03.15/05.05.15 |
| 2013-14 | എൽ.എഫ്.എപി.ഇസെഡ്.പി11-678/15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി.-പി.11/550/2016 തീയതി 31.05.2016 |
| 2015-16 | കെ. എസ്. എ.- എ.എൽ.പി.-പി.11-564/16 /06.01.17. |

| | |
|---|---|
| 2016-17 | കെ. എസ്. എ.- എ.എൽ.പി.-പി.11-1048/2017 /15.10.18 |
| 2017-18 | കെ. എസ്. എ.- എ.എൽ.പി.-പി.11-1497/2018 /2.11.2018 |
| 2018-19 | കെ. എസ്. എ.- എ.എൽ.പി.-പി.11-1038/2019 /15.01.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്